

# സമാധാനത്തിന് തടസം നിൽക്കുന്നതാര്?

**പാർത്രിയാർക്കീസ് ബാവയുടെ ആഹ്വാന പ്രകാരം സഭാ തർക്കം പരിഹരിക്കപ്പെടുമെന്നു കരുതിയിരുന്നുവെങ്കിലും ഇതിനുള്ള വഴികൾ വീണ്ടും അടയുന്ന സാഹചര്യത്തിൽ യാക്കോബായ -ഓർത്തഡോക്സ് വിഭാഗങ്ങൾ വീണ്ടും തെരുവിൽ പോരടിക്കാനാണ് സാധ്യത**

■ സന്ദീപ് വെള്ളാരംകുന്ന്



പാത്രിയാർക്കീസ് മാർ അപ്രേം കരീം രണ്ടാമൻ കേരള സന്ദർശിക്കാനെത്തിയപ്പോൾ. സമീപം മലങ്കര യാക്കോബായ സഭ അധ്യക്ഷൻ ബസേലിയോസ് തോമസ് പ്രഥമൻ

യാക്കോബായ-ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കാൻ പാർത്രിയാർക്കീസ് ബാവയുടെ നേതൃത്വത്തിൽ നടത്തിയ സമാധാന ശ്രമങ്ങൾ വീണ്ടും ഫലം കാണാതെ പോവുകയാണോ?

ആകമാന സുറിയാനിസഭാ തലവൻ മാർ അപ്രേം കരീം രണ്ടാമൻ പാർത്രിയാർക്കീസ് ബാവ കേരളത്തിൽ നടത്തിയ ആദ്യ സന്ദർശനത്തിൽ ഏറ്റവും ശ്രദ്ധാകേന്ദ്രമായത് പതിറ്റാണ്ടുകളായി തർക്കത്തിൽ തുടരുന്ന യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ ഐക്യം ഉണ്ടാക്കുന്നതിനായി നടത്തിയ ശ്രമങ്ങളായിരുന്നു. പാർത്രിയാർക്കീസായി സ്ഥാനമേറ്റതു മുതൽ കാലങ്ങളായി തുടരുന്ന സഭാ തർക്കം പരിഹരിക്കുന്നതു സംബന്ധിച്ച വിഷയങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തി വരുകയായിരുന്നു അദ്ദേഹം. എന്നാൽ, പാർത്രിയാർക്കീസ് ബാവയുടെ സന്ദർശനത്തിനുശേഷം സമാധാന ശ്രമങ്ങൾ മുന്നോട്ടു പോയിട്ടില്ലായെന്ന തരത്തിലുള്ള വാർത്തകളാണ് ഇപ്പോൾ സഭാവൃത്തങ്ങളിൽനിന്ന് ഉയർന്നുകേൾക്കുന്നത്. കാലങ്ങളായി തമ്മിൽ പോരടിക്കുന്ന ഇരുസഭകളും തമ്മിൽ അനുരഞ്ജനത്തിലെത്താനുള്ള വഴികളാണ് സമാധാന ചർച്ചകൾ മുന്നോട്ടുപോകാത്ത സാഹചര്യത്തിൽ അടയാൻ പോകുന്നത്.

സഭാ തർക്കം പരിഹരിക്കാൻ ശക്തമായ നടപടി സ്വീകരിക്കണമെന്ന പാർത്രിയാർക്കീസ് ബാവയുടെ നിർദേശമനുസരിച്ച് കരിങ്ങാച്ചിറയിൽ കൂടിയ യാക്കോബായ സഭാ സൂനഹദോസിൽ സമാധാന ചർച്ചകൾക്കായി കുര്യാക്കോസ് മാർ തെയോഫിലോസ്, ജോസഫ് മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഗീവർഗീസ് മാർ അത്തനാസിയോസ്, തോമസ് മാർ തിമോത്തിയോസ് എന്നീ അഞ്ചു മെത്രാപ്പോലീത്തമാരടങ്ങിയ സമാധാനസമിതിയെ യാക്കോബായ



സഭാ തർക്കത്തിൽ അടഞ്ഞുകിടക്കുന്ന കോലഞ്ചേരിപ്പള്ളി

സഭ നിയോഗിച്ചിരുന്നു. ഈ സമാധാനസമിതിയുടെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭ നിയമിക്കുന്ന സമാധാനസമിതിയുമായി ചർച്ച നടത്താനും തുടർന്ന് ഇരുവിഭാഗവും തമ്മിൽ ചർച്ച നടത്തി തർക്കമുള്ള വിഷയങ്ങളിൽ പരിഹാരം കണ്ടെത്തി സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കാനുമായിരുന്നു പാർത്രിയാർക്കീസ് ബാവയുടെ നേതൃത്വത്തിൽ പദ്ധതിയിട്ടത്. എന്നാൽ, യാക്കോബായ സഭയുടെ മാതൃകയിൽ സമാധാന സമിതിയെ ഓർത്തഡോക്സ് വിഭാഗം ഇതുവരെ നിയമിക്കാത്തതിനാൽ സഭാ സമാധാനശ്രമങ്ങൾ അനിശ്ചിതമായി നീളുകയാണ്. ഫെബ്രുവരി 23-ന് കോട്ടയം ദേവലോകത്തു ചേർന്ന ഓർത്തഡോക്സ് സഭാ സൂനഹദോസ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും നടപടികൾ അനിശ്ചിതമായി നീളുകയാണ്.

ഓർത്തഡോക്സ് സഭ ഒരിക്കലും സഭയിൽ സമാധാനം ഉണ്ടാക്കാനുള്ള പാർത്രിയാർക്കീസിന്റെ ശ്രമങ്ങൾക്ക് എതിരു നിൽക്കില്ലെന്ന് ഓർത്തഡോക്സ് സഭാ പി.ആർ.ഒ. പ്രൊഫസർ പി.സി. ഏലിയാസ് പറയുന്നു. "സമാധാന ശ്രമങ്ങളോട് ഓർത്തഡോക്സ് സഭ എതിരു നിൽക്കുന്നുവെന്ന തരത്തിലുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്. പക്ഷേ, നിബന്ധനകൾക്കു വിധേയമായി മാത്രമേ യാക്കോബായ-ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കാനുള്ള നീക്കങ്ങൾ നടത്താൻ പാടുള്ളുവെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. 1934-ലെ ഓർത്തഡോക്സ് സഭാ ഭരണഘടനയും 1995-ലെ സുപ്രീം കോടതി വിധിയും യാക്കോബായ സഭാ അംഗീകരിച്ചുകൊണ്ടു മാത്രമായിരിക്കണം ഇത്തരത്തിൽ തുടർ ചർച്ചകൾ നടത്തേണ്ടത്. സമാധാന ശ്രമങ്ങൾക്ക് മുൻകൈയെടുക്കുന്ന പാർത്രിയാർക്കീസ് ബാവയും 1934-ലെ ഭരണഘടനയും 1995-ലെ സുപ്രീം കോടതി വിധിയും അംഗീകരിക്കാൻ തയാറാകണം. യാക്കോബായ സഭ സമാധാനസമിതിയെ നിയോഗിച്ചുവെന്നു പത്രത്തിൽ കണ്ടതല്ലാതെ ഞങ്ങളെ ഈ വിഷയം ഔദ്യോഗികമായി ആരും അറിയിച്ചിട്ടില്ല. പുറമേ സമാധാന ശ്രമങ്ങൾ നടക്കുന്നുവെന്നു തോന്നിപ്പിക്കുമ്പോഴും യാക്കോബായ സഭയുടെ പ്രാദേശിക നേതൃത്വത്തിൽ ഇരിക്കുന്നവർക്ക് സഭയിൽ സമാധാനം ഉണ്ടാകണമെന്നു താല്പര്യമില്ലാത്ത തരത്തിലാണ് അവർ പ്രവർത്തനങ്ങൾ നടത്തുന്നതെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

പാർത്രിയാർക്കീസ് ബാവ സമാധാന ദൗത്യവുമായാണ് സന്ദർശനത്തിനെത്തിയതെന്നു പറയുമ്പോഴും അദ്ദേഹത്തിന്റെ സമാധാന ശ്രമങ്ങൾ പൂർണമായും ആത്മാർത്ഥത നിറഞ്ഞതാണോയെന്നുപോലും ഞങ്ങൾക്കു സംശയമുണ്ട്. പാർത്രിയാർക്കീസ് ബാവയെ ആത്മീയ തലവനായി അംഗീകരിക്കുമ്പോഴും പൂർണമായും ഭാരതീയ പാരമ്പര്യം പേറുന്ന പൗരസ്ത്യ സഭയായി നിൽക്കാനാണ് ഞങ്ങളുടെ തീരുമാനം.അതേസമയം പരസ്പരം പോരടിക്കുന്ന നിലയിൽ നിന്ന് ഇരുസഭകളും തമ്മിൽ സമാധാനം ഉണ്ടാക്കാനുള്ള എല്ലാ ശ്രമങ്ങളോടും തുറന്ന മനസ്സോടെ സഹകരിക്കാനും ഞങ്ങൾ തയാറാണ്"- പ്രൊഫസർ പി.സി. ഏലിയാസ് അഭിപ്രായപ്പെടുന്നു.


1974-ൽ ഇരുസഭകളും തമ്മിൽ പിളർപ്പു പൂർണമായതിനുശേഷം സമാധാന ശ്രമങ്ങൾ ഏതാണ്ട് അടഞ്ഞ നിലയിലായിരുന്നു. എന്നാൽ, മാർ അപ്രേം കരീം രണ്ടാമൻ പാർത്രിയാർക്കീസായി സ്ഥാനമേറ്റതു മുതലാണ് യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതു സംബന്ധിച്ച ശ്രമങ്ങൾക്കു വീണ്ടും ജീവൻ വച്ചത്.

തുടക്കം മുതൽ തന്നെ സഭാ തർക്കം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്കു മുൻകൈയെടുക്കുമെന്ന

മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ സഭാ മെത്രാന്മാർക്കൊപ്പം



നിലയിലാണ് പാർത്രിയാർക്കീസ് ബാവ പ്രസ്താവനകൾ നടത്തിയതും. ഇതിനിടെ കഴിഞ്ഞ വർഷം പാർത്രിയാർക്കീസ് ബാവ ഓർത്തഡോക്സ് വിഭാഗത്തിലെ മെത്രാപ്പോലീത്തമാരുമായി അമേരിക്കയിൽ വച്ച് കൂടിക്കാഴ്ച നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും കേരളത്തിലെ യാക്കോബായ സഭാനേതൃത്വത്തിന്റെ കടുത്ത എതിർപ്പിനെത്തുടർന്ന് ഈ നീക്കം ഉപേക്ഷിക്കുകയായിരുന്നു. പാർത്രിയാർക്കീസ് ബാവമാർ ഇതിനു മുമ്പ് നാലു തവണ കേരളത്തിൽ സന്ദർശനത്തിനെത്തിയപ്പോഴും ഓർത്തഡോക്സ് സഭ പ്രതിഷേധിക്കുകയും കോടതിയിൽ കേസ് നൽകുകയും സന്ദർശനം തടയണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുകയും ചെയ്തിരുന്നു. എന്നാൽ, പതിവിനു വിപരീതമായി ഇത്തവണ പാർത്രിയാർക്കീസ് ബാവയുടെ സന്ദർശനത്തെയും സമാധാന ശ്രമങ്ങളെയും സ്വാഗതം ചെയ്ത് ഓർത്തഡോക്സ് വിഭാഗം കാതോലിക്കാ ബാവ പാർത്രിയാർക്കീസിനു കത്തയച്ചതോടെയാണ് സമാധാന ശ്രമങ്ങൾ വീണ്ടും ഊർജിതമായത്.



ഫാ. വർഗീസ് കല്ലാപ്പാറ



പ്രൊഫ. പി.സി. ഏലിയാസ്

കേരളത്തിൽ സന്ദർശനത്തിനെത്തിയ പാർത്രിയാർക്കീസ് ബാവ ഊന്നിപ്പറഞ്ഞതും സഭയിൽ സമാധാനം സ്ഥാപിക്കുന്നതിനു നടത്തേണ്ട ശ്രമങ്ങളെക്കുറിച്ചായിരുന്നു. വിശ്വാസികൾ നൽകുന്ന നേർച്ചപ്പണം ഉപയോഗിച്ചു കേസ് നടത്തുന്നതു വേദനാജനകമാണെന്നു പറഞ്ഞ പാർത്രിയാർക്കീസ് സമാധാനത്തിനായി ഏതറ്റം വരെയും പോകണമെന്നും ഉപദേശിച്ചാണു മടങ്ങിയത്. എന്നാൽ, ബാവ മടങ്ങിയതിനു പി

## സഭാ തർക്കത്തിന് ഒരു നൂറ്റാണ്ടിലധികം പഴക്കം

1912-ലാണ് യാക്കോബായ സഭയിൽനിന്ന് ഓർത്തഡോക്സ് സഭ പിളർന്ന് ഇന്ത്യൻ ഓർത്തഡോക്സ് സഭ സ്ഥാപിച്ചത്. 1934-ൽ ഓർത്തഡോക്സ് സഭ സ്വന്തമായി ഭരണഘടനയും എഴുതിയുണ്ടാക്കി. ഈ ഭരണഘടനയിൽ പറയുന്നത് സഭയുടെ ആത്മീയ തലവൻ അന്ത്യോഖ്യാ പാർത്രിയാർക്കീസാകുന്നുവെന്നാണ്. 1958-ൽ ഇരുസഭകളും തമ്മിൽ വീണ്ടും യോജിക്കാൻ തീരുമാനമായി. 1964-ൽ ഔഗേൻ മെത്രാപ്പോലീത്തയെ കാതോലിക്കയായി വാഴിച്ചാണ് ഇരുസഭകളും തമ്മിലുള്ള യോജിപ്പ് പൂർത്തിയാക്കിയത്. യാക്കോബ് തൃതീയൻ പാർത്രിയാർക്കീസായിരുന്നു അന്ന് ഇന്ത്യയിൽ വന്ന് കാതോലിക്കയെ വാഴിച്ചത്. എന്നാൽ 1970-ൽ പാർത്രിയാർക്കീസും കാതോലിക്കയും സമൻമാരാണെന്ന് ഔഗേൻ കാതോലിക്കാ നടത്തിയ പ്രഖ്യാപനത്തിനെതിരെ യാക്കോബായ മെത്രാപ്പോലീത്തമാരും വിശ്വാസികളും രംഗത്തുവന്നു. യാക്കോബായ സഭയ്ക്ക് ഒരു ഭരണസംവിധാനം ഉണ്ടാക്കണമെന്ന് യാക്കോബായ വിഭാഗത്തിലുള്ളവർ പാർത്രിയാർക്കീസിനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം കാതോലിക്കാ ബാവായ്ക്ക് കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയും സമാധാനസമിതിയെ നിയോഗിക്കുകയും ചെയ്തു. എന്നാൽ, ഇത്തരം നടപടികൾ ഫലം കാണാതിരുന്നതിനെത്തുടർന്ന് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാർത്രിയാർക്കീസ് ബാവ യാക്കോബായ സഭയ്ക്കായി രണ്ടു മെത്രാപ്പോലീത്തമാരെ വാഴിച്ചു നൽകി. 1974-ൽ ഇരുസഭകളും തമ്മിലുള്ള പിളർപ്പ് പൂർണമായി. അതോടെ യാക്കോബായ സഭയ്ക്ക് പ്രാദേശിക നേതൃത്വം കൊടുക്കാൻ തോമസ് മാർ ദിവന്നാസിയോസും പെരുമ്പള്ളിൽ മാർ ഗ്രിഗോറിയോസും രംഗത്തുവന്നു. സഭാക്കേസിൽ 1995-ൽ സുപ്രീം കോടതിയിൽ നൽകിയ കേസിൽ വിധിയായി. ഇടവകപ്പള്ളികൾ കേസിൽ കക്ഷികളല്ലാത്തതിനാൽ അവരെ കേസിൽ ഉൾപ്പെടുത്താനാവില്ലെന്നതായിരുന്നു വിധി. തുടർന്ന് ഓർത്തഡോക്സ് സഭ നൽകിയ അപ്പീൽ 2002-ൽ പരിഗണിച്ച കോടതി പറഞ്ഞത് ഇരുസഭകളും തമ്മിൽ യോജിച്ചുപോകുന്നതാണ് നല്ലതെന്നും കോടതിക്കു പുറത്ത് സമാധാന ശ്രമങ്ങൾ നടത്തണമെന്നുമായിരുന്നു. എന്നാൽ പിന്നീട് കേസുകളും വഴക്കുകളും തുടർന്നതല്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ ഒന്നും തന്നെ ഉണ്ടായില്ല എന്നതാണു യാഥാർത്ഥ്യം. എന്നാൽ 2014 ജൂണിൽ പാർത്രിയാർക്കീസായി സ്ഥാനമേറ്റ മാർ അപ്രേം കരീം രണ്ടാമനാണ് കേരളത്തിലെ സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനുള്ള മധ്യസ്ഥ ശ്രമങ്ങളുമായി വീണ്ടും രംഗത്തെത്തിയതും സഭാ തർക്കം പരിഹരിക്കാനുള്ള വഴികൾ തെളിഞ്ഞുതുടങ്ങിയതും. യാക്കോബായ-ഓർത്തഡോക്സ് തർക്കത്തിൽ രൂക്ഷമായ പ്രശ്നങ്ങളുള്ളത് 18 പള്ളികളുടെ പേരിലാണ്. ഇതിൽ 16 പള്ളികൾ ഓർത്തഡോക്സ് വിഭാഗവും രണ്ടെണ്ണം യാക്കോബായ വിഭാഗവും കൈവശം വയ്ക്കുന്നവയാണ്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് പള്ളി, ആലുവ തൃക്കുന്നത്തു സെമിനാരി എന്നിവയാണ് തർക്കത്തെ തുടർന്ന് അടഞ്ഞുകിടക്കുന്ന പ്രശസ്ത പള്ളികൾ. ●



പാത്രിയാർക്കീസ് ബാവയെ സന്ദർശിക്കുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

ന്നാലെ തന്നെ സഭാ സമാധാനം സംബന്ധിച്ച ചർച്ചകൾക്കുള്ള വഴി അടയുന്നത് സഭാ തർക്കം പരിഹരിക്കപ്പെടുമെന്നു പ്രതീക്ഷിച്ചിരുന്ന വിശ്വാസികളിൽ നിരാശ പടർത്തിയിട്ടുണ്ട്.

കോടതി വിധികൾക്കും വ്യവഹാരങ്ങൾക്കും ഉപരിയായി യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ സമവായം ഉണ്ടായാൽ മാത്രമേ ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ഇരുസഭകളും തമ്മിൽ സഹോദര സഭകളായി പിരിഞ്ഞ് കേസുകളും വഴക്കുകളും ഇല്ലാതാകുന്ന സാഹചര്യം ഉരുത്തിരിയുകയുള്ളുവെന്ന് യാക്കോബായ സഭയിലെ മുതിർന്ന വൈദികനും മുൻ സഭാ മുഖ്യ വക്താവുമായ ഫാദർ വർഗീസ് കല്ലാപ്പാറ പറയുന്നു.

"ഓർത്തഡോക്സ് സഭ തന്നെ തങ്ങളുടെ ഭരണഘടനയുടെ ആദ്യ ഖണ്ഡികയിൽതന്നെ അന്ത്യോഖ്യാ പാർത്രിയാർക്കീസിനെ ആത്മീയ തലവനായി അംഗീകരിക്കുന്നുവെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പാർത്രിയാർക്കീസ് ബാവ ഇപ്പോൾ ആവശ്യപ്പെടുന്നത് ഇരുസഭകളും തമ്മിൽ സമാധാനം ഉണ്ടാകണമെന്നാണ്. ഇനി ഒരിക്കലും ഒറ്റ സഭയായി യോജിക്കാൻ പറ്റാത്ത വിധത്തിൽ ഇരുസഭകളും തമ്മിൽ അകന്നിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെയാണ് സഹോദര സഭകളായി സമാധാനത്തിൽ പിരിയാനുള്ള ചർച്ചകൾ നടത്താൻ പാർത്രിയാർക്കീസ് ബാവ സമിതിയെ നിയോഗിച്ചത്. എന്നാൽ കേസുകളുടെ പേരുപറഞ്ഞ് ഓർത്തഡോക്സ് സഭാനേതൃത്വം ചർച്ചകളോടു മുഖം തിരിക്കുന്നുണ്ടെങ്കിലും ഇരുസഭകളിലെയും വിശ്വാസികൾ ഏതെങ്കിലും രീതിയിൽ സഭയിൽ സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്.

യാക്കോബായ സഭയുടെ മാതൃകയിൽ ഓർത്തഡോക്സ് സഭയും മെത്രാപ്പോലീത്തമാരടങ്ങിയ സമാധാനസമിതിയെ നിയോഗിച്ചിട്ടില്ലെങ്കിലും ഏതു സമയത്തും ചർച്ച നടത്താൻ തയാറായി ഇരിക്കണമെന്നാണ് പാർത്രിയാർക്കീസ് ബാവ നൽകിയിരിക്കുന്ന നിർദേശം. സഭയിൽ സമാധാനം സ്ഥാപിക്കാൻ നടത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് ഇരുസഭകളിലെയും വിദഗ്ദ്ധരിൽ നിന്നു ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് 'സമാധാന പ്രഭു ദൈവത്തിന്റെ സ്വന്തം നാട്ടിൽ 2015' എന്ന പേരിൽ ഒരു പുസ്തകമാക്കി ആഗസ്റ്റിൽ കേരളത്തിൽ സ്വകാര്യ സന്ദർശനത്തിനെത്തുന്ന പാർത്രിയാർക്കീസ് ബാവയ്ക്കു നൽകാനുള്ള പ്രവർത്തനങ്ങളിലാണ് ഞങ്ങളിപ്പോൾ. യാക്കോബായ -ഓർത്തഡോക്സ് തർക്കം പരിഹരിക്കാൻ കോടതിവിധികൾക്കും ഭരണഘടനയ്ക്കും ഉപരിയായി സമാധാന ചർച്ചകളാണ് ഉയർന്നുവരേണ്ടത് എന്നതാണു യാഥാർത്ഥ്യം" - ഫാദർ വർഗീസ് കല്ലാപ്പാറ കൂട്ടിച്ചേർക്കുന്നു. "ലോകം മുഴുവൻ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുമ്പോൾ രണ്ടു ക്രിസ്ത്യൻ സഭകൾ തമ്മിൽ പോരടിക്കുന്നതു ലോകത്തിനുതന്നെ നാണക്കേടാണെന്നും ഇതിനു പരിഹാരമുണ്ടാക്കണമെന്നും പറയുന്ന പാർത്രിയാർക്കീസിന്റെ ആഹ്വാന പ്രകാരം ഇരുസഭകളും തമ്മിൽ എത്രയും വേഗം ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് ആഗ്രഹിക്കുന്നത് യാക്കോബായ അൽമായ ഫോറം വർക്കിംഗ് പ്രസിഡന്റ് പോൾ വർഗീസ് പറയുന്നു.

സഭാ തർക്കം ഏതുവിധേനയും പരിഹരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇരുവിഭാഗത്തിലെയും പുതുതലമുറയിൽപ്പെട്ടവർ. സഭാ തർക്കത്തിൽ താല്പര്യമില്ലാതെ ഇരുസഭകളിൽനിന്നും പുതുതലമുറയിൽപ്പെട്ട ധാരാളം വിശ്വാസികൾ ഇവാഞ്ചലിക്കൽ സഭകളിലേക്ക് ചേക്കേറുന്നുണ്ട്. പാർത്രിയാർക്കീസ് ബാവയുടെ ആഹ്വാന പ്രകാരം സഭാ തർക്കം പരിഹരിക്കപ്പെടുമെന്നു കരുതിയിരുന്നുവെങ്കിലും ഇതിനുള്ള വഴികൾ വീണ്ടും അടയുന്ന സാഹചര്യത്തിൽ യാക്കോബായ -ഓർത്തഡോക്സ് വിഭാഗങ്ങൾ വീണ്ടും തെരുവിൽ പോരടിക്കാനാണ് സാധ്യത. ●